LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. രാത്രികാല അടിയന്തര വെറ്ററിനറി സേവനം നിലവിൽ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു.

(ബി) ഇതിനായി നിലവിൽ എത്ര ബ്ലോക്കുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്; ഇനി എത്ര പേരെ നിയമിക്കാനുണ്ട്?

പദ്ധതി നടപ്പിലാക്കുന്ന 156 സെന്ററുകളിൽ 46 സെന്ററുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന 110 സെന്ററുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സംവിധാനം സുഗമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 921 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജൂലൈ വരെ 75.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (8.23%).

കന്നുകാലികൾക്ക് വാക്സിനേഷൻ നൽകുന്നതിലെ ഉദ്യോഗസ്ഥതല വീഴ്ച

344(1329) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴ ജില്ലയുടെ പല മേഖലകളിലും കുളമ്പ് രോഗംമൂലം കന്നുകാലികൾ വ്യാപകമായി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കണക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ; ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കുളമ്പുരോഗം മൂലം 250 മൃഗങ്ങൾ മരണപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ബ്ലോക്കിന്റെ പേര്	എണ്ണം
1.	കഞ്ഞിക്കുഴി	16
2.	ആര്യാട്	32
3.	അമ്പലപ്പുഴ	88
4.	ചമ്പക്കുളം	20
5.	വെളിയനാട്	35
6.	ചെങ്ങന്നൂർ	15
7.	ഹരിപ്പാട്	9
8.	മുതുകുളം	1
9.	മാവേലിക്കര	7
10.	ഭരണിക്കാവ്	16
11.	ആലപ്പുഴ മുൻസിപ്പാലിറ്റി	8
12.	ഹരിപ്പാട് മുൻസിപ്പാലിറ്റി	2
13.	ചെങ്ങന്നൂർ മുൻസിപ്പാലിറ്റി	1
	ആകെ എണ്ണം	250

കന്നുകാലികളെ ബാധിക്കുന്ന മാരകമായ ഒരു രോഗമാണ് കുളമ്പുരോഗം. ഇതിന് ഫലപ്രദമായ പ്രതിവിധി പ്രതിരോധവാക്സിനേഷൻ നടത്തുക എന്നതാണ്. 6 മാസം കൂടുമ്പോൾ വാക്സിനേഷൻ നടത്തേണ്ടതായിട്ടുണ്ട്. ഒന്നാംഘട്ട NADCP വാക്സിനേഷൻ 2020 സെപ്റ്റംബർ മാസം നടന്നതിന് ശേഷം പിന്നീട് വാക്സിനേഷൻ നടന്നിട്ടില്ല. ഇതുമൂലം മൃഗങ്ങൾക്ക് പ്രതിരോധശേഷി കുറഞ്ഞിട്ടുണ്ട്. മാത്രമല്ല മരണപ്പെട്ടതിൽ കൂടുതലും ചെറിയ കിടാവുകളാണ്. ചെറിയ കിടാവുകൾക്ക് ഈ രോഗം ബാധിച്ചാൽ മരണനിരക്ക് കൂടാൻ സാധ്യതയുണ്ട്.

(ബി) കന്നുകാലികൾക്ക് യഥാസമയം വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന കർഷകരുടെ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടില്ല. ഒന്നാംഘട്ട വാക്സിനേഷനിൽ 85.99% മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിരുന്നു. മാത്രമല്ല കുളമ്പുരോഗം റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെയ്ൻമെന്റ് വാക്സിനേഷൻ ആരംഭിച്ചിരുന്നു. ഓരോ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിലും രോഗം ബാധിച്ച പഞ്ചായത്തിലും വാക്സിനേഷൻ നടത്തി. ആകെ 23395 മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പിന്റെയും മറ്റും പേരുപറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണവും വകുപ്പുതല നടപടിയും സ്വീകരിക്കുമോ?

തെരഞ്ഞെടുപ്പിന്റെയും മറ്റും പേരുപറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്നിട്ടില്ല.

(ഡി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ കുളമ്പ് രോഗത്താൽ മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാമോ?

കുളമ്പുരോഗംമൂലം മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി 100 കർഷകരുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചുവരുന്നു. കൂടാതെ കർഷകർക്ക് മരുന്ന് വാങ്ങുന്നതിന് ചെലവായ തുക അനുവദിച്ചുനൽകുന്നതിനായി 127 കർഷകരുടെ ബില്ലുകളും രേഖകളും പരിശോധിച്ചുവരുന്നു.

ചാലക്കുടി മൃഗാശുപത്രിയിലെ ചികിത്സാ സംവിധാനങ്ങൾ

345(1330) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മൃഗാശുപത്രിയിൽ സ്കാനിംഗ്, എക്സ്റേ, ലബോറട്ടറി സംവിധാനങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. ചാലക്കുടി താലൂക്കിൽ മാള വെറ്ററിനറി പോളിക്ലിനിക്കിൽ ലാബ് സൗകര്യം നിലവിലുള്ളതും ആയത് മറ്റ് സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നതുമാണ്. സ്കാനിംഗ് സൗകര്യം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ലഭ്യമാണ്. എക്സ്റേ സൗകര്യം തൃശ്ശൂർ ജില്ലയിലെ ഒരു മൃഗാശുപത്രിയിലും ലഭ്യമല്ല. പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.